കശുവണ്ടി വ്യവസായരംഗത്തുണ്ടായിട്ടുള്ള തൊഴിൽക്കുഴപ്പങ്ങൾ.

* 1780. [18] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കശുവണ്ടി വ്യവസായരംഗത്തു് ഇപ്പോൾ ഉണ്ടായിട്ടുള്ള തൊഴിൽക്കുഴപ്പങ്ങളും തകർച്ചയും ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതു പരിഹരിക്കുന്നതിനായി സഹകരണസംഘങ്ങൾ ആരംഭിച്ചു് ഉല്പാദനം കാര്യക്ഷമമാക്കുന്നതിനും മറ്റും ഉദ്ദേശിക്കുന്നുണ്ടോ ;

(സി) കശുവണ്ടിരംഗത്തു് ഒരു കാർപ്പൊറേഷൻ രൂപീകരിക്കണമെന്ന നിർദ്ദേശം ഉടനടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏതു തരത്തിലുള്ള കാർപ്പൊറേഷനാണു് രൂപീകരിക്കാനുദ്ദേശിക്കുന്നതു് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ) :

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) നാലു ഫാക്ടറികളും സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു് ഒരു പരീക്ഷണം എന്ന നിലയിൽ ഇൻഡസ്ട്രിയൽ കോവാപ്പറേറ്റീവായി നടത്താൻ തീരുമാനിച്ചിട്ടുണ്ടു്. ഒരു ഡ്രാഫ്റ്റ് സ്കീം തയാറാക്കിക്കഴിഞ്ഞു. അതു ഫൈനാൻസു് ഡിപ്പാർട്ടുമെൻറു് പരിശോധിച്ചുവരുകയാണു്. വിശദവിവരങ്ങളും പരിശോധനയ്ക്കുശേഷമേ വെളിപ്പെടുത്താൻ സാധിക്കയുള്ളു.

ശ്രീ. ആർ. പ്രകാശം : ഫാക്ടറികളും നാലു സ്ഥലങ്ങളിൽ തുറക്കുന്നതാണെന്നു പറഞ്ഞു. അതെവിടെയെല്ലാമാണു് ?

ശ്രീ. കെ. പി. ഗോപാലൻ : മൂന്നു ഫാക്ടറികളും കൊല്ലത്തും, ഒരു ഫാക്ടറി കായംകുളത്തും സഹകരണാടിസ്ഥാനത്തിൽ തുടങ്ങാൻ തീരുമാനിച്ചു.

ശ്രീ. കെ. ഭാർഗ്ഗവൻ : ഓരോ സൊസൈറ്റിക്കും പ്രവർത്തന മൂലധനമായും, ഷെയർ ക്യാപ്പിറലായും എത്ര തുക വീതം കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടു് ?

ശ്രീ. കെ. പി. ഗോപാലൻ : ഇപ്പോൾ തീരുമാനിച്ചിട്ടുള്ളതു ഇരുപത്തിമൂവായിരം രൂപയോളം ഷെയർ ക്യാപ്പിറലായും ഒരു ലക്ഷത്തിഎഴുപത്തൊമ്പതിനായിരം രൂപ പ്രവർത്തനമൂലധനമായിട്ടും കൊടുക്കണമെന്നാണു്. എന്നാണെന്നെ ഓർമ്മ..

ശ്രീ. കെ. ഭാർഗ്ഗവൻ : ഈ രൂപീകരിക്കാൻപോകുന്ന കാർപ്പറേഷന്റെ മൂലധനം എന്താണു് ?

ശ്രീ. കെ. പി. ഗോപാലൻ : അതിന്റെ മൂലധനത്തിന്റെ കാര്യത്തെക്കുറിച്ചു് ഇപ്പോൾ അതു പറയുന്നതു ശരിയായിരിക്കുകയില്ല. ഫൈനാൻസു് ഡിപ്പാർട്ടുമെൻറു് അതു പരിശോധിച്ചുവരുകയാണു്. അതു കുറയ്ക്കുമോ എന്നറിയാതെ പറയാൻ സാധിക്കുകയില്ല.

ശ്രീ. കെ. ഭാർഗ്ഗവൻ : കാർപ്പൊറേഷൻ രൂപീകരിക്കുന്നതിനു കേന്ദ്രഗവണ്മെൻറിന്റെ അനുവാദം വേണോ ?

ശ്രീ. കെ. പി. ഗോപാലൻ : അതിന്റെ ക്യാപ്പിറലിന്റെ തുകപോലെയിരിക്കും.

ശ്രീ. കെ. ഭാർഗ്ഗവൻ : ഈ കാർപ്പൊറേഷൻ രൂപീകരിക്കുന്നതുകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ള പ്രവർത്തനമെന്തൊക്കെയാണു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. ഗോപാലൻ : കശുവണ്ടി വാങ്ങുകയും അതു ഇംപോർട്ട് ചെയ്തു ഫാക്ടറികൾക്കു ഇക്വിറബിളായി വിതരണം ചെയ്യുകയും, ഫാക്ടറികളടക്കം കഴിയുന്ന സാമ്പത്തികസഹായം ചെയ്യുകയും ചെയ്യുക എന്നുള്ളതാണു് പ്രധാന ഉദ്ദേശം.

ശ്രീ. എം. നാരായണക്കുറുപ്പു് : ഈ സഹകരണസംഘങ്ങളുടെ ഓഹരിമൂലധനത്തിലേക്കു ഗ്രാന്റായി കൊടുക്കുകയാണോ, അതോ മറ്റു വിധത്തിൽ ധനസഹായം ചെയ്യാൻ ഗവണ്മെന്റുദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : അതേപ്പറ്റി ഗവണ്മെന്റാലോചിക്കുന്നതാണു്.

ശ്രീ. ടി. കെ. കൃഷ്ണൻ : കൊല്ലത്തു കെ. എം. കെ. ഫാക്ടറി നിശ്ശേഷം അടച്ചിട്ടിരിക്കുന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : അടച്ചിട്ടിരിക്കുകയാണെന്നു ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്.

ശ്രീ. കെ. ഭാർഗ്ഗവൻ : ഈ കാർപ്പൊറേഷനിൽ വ്യവസായ ഉടമകൾക്കു പങ്കുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : വ്യവസായ ഉടമകൾക്കു് പ്രധാനമായ പങ്കുണ്ടു്.

ശ്രീ. ആർ. പ്രകാശം : എന്നത്തേയ്ക്കു ഇതാരംഭിക്കുവാൻ കഴിയുമെന്നു പറയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : എന്നേയ്ക്കു ആരംഭിക്കുമെന്നു തിട്ടമായി പറയാൻ സാധിക്കുകയില്ല. കഴിയുന്നത്രവേഗം തുടങ്ങുന്നതിനു് എല്ലാ നടപടികളും ഗവണ്മെന്റു് എടുക്കുകയാണു്.

ശ്രീ. ടി. കെ. കൃഷ്ണൻ : ഈ കെ. എം. കെ. ഫാക്ടറി തുറക്കുന്നതിനു നിർദ്ദേശം ഗവണ്മെന്റു് കൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : ആ ഫാക്ടറിക്കാവശ്യമായിരിക്കുന്ന സാമ്പത്തികസഹായം ചെയ്യാൻ കഴിയുമോ എന്നു പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

WRITTEN ANSWERS.

തിരുവനന്തപുരം റിസർവ്വു് പോലീസു് ക്യാമ്പിലെ പോലീസുകാരുടെ കലാപരിപാടി.

* 1781. [26] ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം റിസർവ്വു് പോലീസു് ക്യാമ്പിലെ പോലീസുകാർ പഞ്ചവത്സരപദ്ധതിയുടേയും വികസനപ്രവർത്തനങ്ങളുടേയും പ്രാധാന്യമെത്ര പ്രകീർത്തിച്ചുകൊണ്ടു് ഒരു വില്ലടിച്ചാൻപാട്ടു് കലാപരമായി സംവിധാനംചെയ്തു് നടത്തിവന്നിരുന്നുവോ ;

(ബി) എന്നുമുതലാണു് കലാസംഘത്തിന്റെ പ്രവർത്തനം തുടങ്ങിയതു് ;

(സി) ഈ കലാപരിപാടി നടത്തുന്നതിനു എന്തു ഫീസാണു് വസൂൽ ചെയ്തുകൊണ്ടിരുന്നതു് ;

(ഡി) എത്ര ഇടങ്ങളിൽ ഇതു നടത്തിയിട്ടുണ്ടു് ;

(ഇ) എവിടെയെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly